

TUESDAY 19/08/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 19/08/2025

1. കാവ് സംരക്ഷിക്കാൻ ധനസഹായം അപേക്ഷ തീയതി നീട്ടി. 2025-26 വർഷത്തില് ജില്ലയിലെ കാവുകള് സംരക്ഷിക്കുവാന് വനം-വന്യജീവി വകുപ്പ് നൽകുന്ന സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ സ്വീകരിക്കുന്ന തീയതി ആഗസ്റ്റ് 31 വരെ ദീർഘിപ്പിച്ചു. തൽപരരായ വ്യക്തികൾ, ദേവസ്വം ബോർഡ്, ട്രസ്റ്റുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള കാവുകൾക്കാണ് ധനസഹായം ലഭിക്കുന്നത്. താത്പര്യമുള്ളവവര് കാവിന്റെ വിസ്തൃതി, ഉടമസ്ഥത എന്നിവ തെളിയിക്കുന്ന രേഖകൾ സഹിതമുള്ള അപേക്ഷ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററ്, സാമൂഹ്യ വനവൽക്കരണ വിഭാഗം, മലപ്പുറം എന്ന വിലാസത്തിൽ അപേക്ഷിക്കണം. മുൻ വർഷങ്ങളില് ധനസഹായം ലഭിച്ച കാവുകളുടെ അപേക്ഷ പരിഗണിക്കില്ല. അപേക്ഷാ ഫോം വനം വകുപ്പിന്റെ www.forest.kerala.gov.in എന്ന വെബ്സൈറ്റില് നിന്നോ മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷണല് ഓഫീസില് നിന്നോ ലഭിക്കും. ഫോൺ: 0483 2734803, 8547603857, 8547603864.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. കേരള കാർഷികസർവകലാശാല, മണ്ണുത്തി, കാർഷിക ഗവേഷണ കേന്ദ്രത്തിലെ ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കനൈസേഷൻ പ്രോഗ്രാമിലെ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം 2025, ഓഗസ്റ്റ് 18 മുതൽ 23 വരെ രാവിലെ 10:30 മുതൽ വൈകീട്ട് 4 മണി വരെ കാർഷിക സർവ്വകലാശാല, വെള്ളാനിക്കരയിലെ വിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ വെച്ച് നടത്തുന്നു. വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കാത്തവർക്കും പ്രവേശനം നേടാനാകും. അസ്സൽ സർട്ടിഫിക്കറ്റുകളുമായി വിദ്യാർത്ഥികൾ നേരിട്ട് അഡ്മിഷൻ എടുക്കാൻ എത്തണമെന്ന് അറിയിക്കുന്നു. ഫോൺ നമ്പർ: 8075587872, 9446157139. കൂടുതൽവിവരങ്ങൾക്കായി https://www.kau.in/academicnotifications/32251.സന്ദർശിക്കുക. അടിസ്ഥാനയോഗ്യത: പ്ലസ്ടു (സയൻസ്, ഗണിതം, കമ്പ്യൂട്ടർ, ഇൻഫർമേഷൻടെക്നോളജിവിഷയങ്ങൾ), ഐ ടി ഐ (മെക്കാനിക്കൽ/ ഓട്ടോമൊബൈൽ/ മെക്കാനിക്കൽ കൃഷി മെഷിനറി), കാർഷിക അനുബന്ധ വിഷയങ്ങളിൽ വി എച്ച് എസ് ഇ, ഡിപ്ലോമ (മെക്കാനിക്കൽ/ ഓട്ടോമൊബൈൽ / കാർഷിക എഞ്ചിനീയറിംഗ്)

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കുടപ്പനക്കുന്ന മൃഗസംരക്ഷണ പരിശീലന കേന്ദ്രം നേതൃത്വം നല്കുന്ന അമ്പലത്തിൻകാല സരസ്വതി വിലാസം ഗ്രന്ഥശാലയുടെ വജ്രജൂബിലി ആഘോഷത്തിന്റെ ഭാഗമായി ക്ഷീരകർഷക സെമിനാർ 20/08/2025 ന് രാവിലെ 10 മണി മുതൽ അമ്പലത്തിൻകാലയിൽ നടക്കുന്നു.

4. മൃഗസംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ മൃഗസംരക്ഷണ മേഖലയിലെ മികച്ച കർഷകർക്ക് പുരസ്കാരങ്ങൾ നൽകുന്നു. സംസ്ഥാന തലത്തിൽ മികച്ച ക്ഷീരകർഷകന്, മികച്ച വാണിജ്യ ക്ഷീര കർഷകന്, മികച്ച സമ്മിശ്ര കർഷന് എന്നീ വിഭാഗങ്ങളിലെ കർഷകർക്ക് 1 ലക്ഷം രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഫലകവും നൽകും. മികച്ച പൗൾട്രി കർഷകന്, മികച്ച കർഷക/സംരംഭക, മികച്ച യുവകർഷകന് എന്നീ വിഭാഗങ്ങളിലെ കർഷകർക്ക് 50,000 രൂപയുടെ ക്യാഷ് അവാർഡും പ്രശസ്തി പത്രവും ഫലകവും നൽകുന്നതാണ്. കൂടാതെ ജില്ലാ തലത്തിൽ മികച്ച ക്ഷീര കർഷകന് 20,000 രൂപയുടെ ക്യാഷ് അവാർഡും, മികച്ച സമ്മിശ്ര കർഷകന് 10,000 രൂപയുടെ ക്യാഷ് അവാർഡും നൽകും. അപേക്ഷാ ഫോമുകൾ എല്ലാ മൃഗാശുപത്രികളിലും ലഭ്യമാണ്. **അപേക്ഷകൾ**

സമർപ്പിക്കേണ്ട അവസാന തീയതി 2025 ഓഗസ്റ്റ് 20. വിശദ വിവരങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ www.ahd.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

**പരിശീലന പരിപാടി**

1. കാർഷിക മേഖലയിലെ തൊഴിൽ സാധ്യത വിപുലപ്പെടുത്തുന്നതിനായി വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന സെൻറർ ഫോർ അഗ്രികൾച്ചറൽ ഇന്നോവേഷൻസ് ആൻഡ് ടെക്നോളജി ട്രാൻസ്ഫറിന്റെയും (കെയ്റ്റ്, വെള്ളായണി) ഹൈദരാബാദ് മാനേജിൻറെയും (MANAGE) സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന അഗ്രിക്ലിനിക്ക് ആന്റ് അഗ്രിബിസിനസ് സെന്റേഴ്സ് സ്കീമിൻ്റെ ഭാഗമായി 45 ദിവസത്തെ സൗജന്യ പരിശീലനപരിപാടിയിലേക്ക് അപേക്ഷകരെ ക്ഷണിക്കുന്നു. അഗ്രികൾച്ചർ, ഹോർട്ടികൾച്ചർ, ഡയറി സയൻസ്, അനിമൽ ഹസ്ബെൻ്ററി, ഫിഷറീസ്, ഫോറസ്ട്രി, അഗ്രികൾച്ചൾ എഞ്ചിനീയറിങ്, ബയോടെക്നോളജി, ഹോം സയൻസ്, കമ്യൂണിറ്റി സയൻസ്, ഫുഡ് ടെക്നോളജി, ഫുഡ് ന്യൂട്രീഷ്യൻ & ഡയറ്ററ്റിസ്,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എൻവിയോൺമെൻ്റൽ സയൻസ്, ബോട്ടണി, സുവോളജി, കെമസ്ട്രി എന്നിവയിൽ ഏതെങ്കിലും വിഷയത്തിൽ ബിരുദവും, +2 പാസായ ശേഷമുള്ള 3 വർഷത്തെ അഗ്രികൾച്ചർ ഡിപ്ലോമ കോഴ്സ് പടിച്ചവർക്കും അപ്രക്ഷിക്കാവുന്നതാണ്. പ്രായ പരിധി 21 മുതൽ 60 വയസ്സ് വരെ. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് വ്യക്തിഗത സംരംഭങ്ങൾ തുടങ്ങുവാനായി 20 ലക്ഷം രൂപ വരെയും. അഞ്ച് അംഗങ്ങളടങ്ങുന്ന ഗ്രൂപ്പുകൾക്ക് ഒരു കോടി രൂപ വരെയും ബാങ്ക് വായ്പ ലഭിക്കും. പൊതു വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് വായ്പ തുകയുടെ 36 ശതമാനം വരെ സബ്സിഡിയും വനിതകൾക്കും, ഷെഡ്യൂൾഡ് കാസ്റ്റ്/ ഷെഡ്യൂഡ് ട്രൈബ് വിഭാഗത്തിൽ ഉള്ളവർക്ക് 44 ശതമാനം വരെയും സബ്സിഡി ലഭിക്കും. വായ്പാ സഹായം ലഭിക്കുവാനുള്ള പരമാവധി പ്രായം 62 വയസ്സാണ്. പദ്ധതിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ആഗസ്റ്റ് 20 നകം http://acabcmis.gov.in എന്ന പോർട്ടലിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദമായ വിവരങ്ങൾക്ക് www.agriclinics.net എന്ന വെബ്സൈറ്റ് സന്ദർശിക്കാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കൂടുതൽ വിവരങ്ങൾക്ക് 9447495778, 8891540778 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ "പാക്കേജ്ഡ് ഫ്രഷ് കട്ട് ഫ്രൂട്ട്സ് & വെജിറ്റബിൾസ് (മിനിമൽ പ്രോസസ്സിംഗ്) നിർമ്മാണ രീതികൾ" എന്ന വിഷയത്തില് ഇന്ന് (2025 ആഗസ്റ്റ് 19 ന്) ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/- രൂപ. താൽപര്യമുള്ളവർ 9400483754 എന്ന ഫോണ് നമ്പറിൽ രജിസ്റ്റര് ചെയ്യാവുന്നതാണ്.

3. ക്ഷീര വികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഓഗസ്റ്റ് മാസം 21, 22 തീയതികളിൽ 10 പശുക്കളിൽ കൂടുതൽ പശു വളർത്തുന്ന കർഷകർക്കും, നവീന സംരംഭകർക്കുമായി "ക്ഷീര സംരംഭകർക്കുള്ള പരിശീലനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിൻ്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 2025 ഓഗസ്റ്റ് 20–ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം. 695004. Email ID:principaldtctvm@gmail.com

4. വെള്ളനാട് മിത്രനികേതൻ കൃഷിവിജ്ഞാന കേന്ദ്രത്തിൽ വച്ച് കൂൺകൃഷി പരിശീലനം സംഘടിപ്പിക്കുന്നു. 2025 ഓഗസ്റ്റ് 20ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 3. 30 വരെയാണ് പരിശീലനം. താല്പര്യമുള്ളവർ 9446911451 എന്ന നമ്പറിൽ ഇന്ന് (2025 ഓഗസ്റ്റ് 19 ന്) വൈകുന്നേരം 4 മണിക്ക് മുൻപ് വാട്ട്ആപ്പ് സന്ദേശം മുഖേനയോ ഫോണിൽ കൂടെയോ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്ട്രേഷൻ ഫീസ്

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

500 രൂപ. പങ്കെടുക്കുന്നവർക്ക് 2 പാക്കറ്റ് കൂൺ വിത്തും 4 PP കവറും സൗജന്യമായി നൽകുന്നു. ഉച്ചഭക്ഷണം ഉണ്ടായിരിക്കുന്നതായിരിക്കും.

**കാർഷിക നിർദേശം**

1. വെണ്ട ഇലപ്പുള്ളി രോഗം- വെണ്ടയിൽ ഇലപ്പുള്ളി രോഗം കണ്ടുവരുന്നുണ്ട്. ഇത് നിയന്ത്രിക്കുന്നതിനായി ട്രൈക്കോഡെർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ച് കൊടുക്കുക. രോഗം മൂർച്ഛിക്കുകയാണെങ്കിൽ മാങ്കോസെബ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചുകൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം